ഉത്തരം

(എ) കരാറുകാരനെ ഔദ്യോഗികമായി ഒഴിവാക്കിയിട്ടില്ല.

(ബി) 1,99,30,403 രൂപ.

(സി) ഒരു യോഗം ചേർന്നു.

(ഡി) നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്വരൂപമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

285 (1370) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ കുന്നം ഹയർസെക്കണ്ടറി സ്കൂളിനും ഇലവുങ്കര വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മാവേലിക്കര താലൂക്കിലെ കുന്നം ഹയർസെക്കണ്ടറി സ്കൂളിനും ഇലവുങ്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

ചാലക്കുടി - ആനമല റോഡിന്റെ നവീകരണം

286 (1371) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി - വാഴച്ചാൽ - മലക്കപ്പാറ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള അന്തർ സംസ്ഥാന ടൂറിസ്റ്റ് പാതയായ ചാലക്കുടി - ആനമല റോഡിന്റെ അവസാന 10 കിലോമീറ്റർ ബി.എം. & ബി.സി. ടാറിംഗ് നടത്തി നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡിന്റെ നവീകരണത്തിനായി നേരത്തേ അനുവദിച്ച 30 കോടി രൂപയുടെ പ്രവൃത്തികളിൽ ഉൾപ്പെട്ടിരുന്ന സൈഡ് പ്രൊട്ടക്ഷൻ അടക്കമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിൽ നിന്നും കൺസൂക്ഷൻ കോർപ്പറേഷനെ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കുടി-ആനമല റോഡിന്റെ 78/300 കി.മീ. മുതൽ 88/403 കി.മീ. വരെയുള്ള റോഡ് ബി.എം. & ബി.സി. ടാറിംഗ് നടത്തി നവീകരിക്കുന്നതിനുള്ള 10 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ടി പ്രവൃത്തികൾ നടപ്പാക്കുന്നതിൽ നിന്നും കൺസൂക്ഷൻ കോർപ്പറേഷനെ ഒഴിവാക്കുന്നതിനുള്ള നടപടികളിൽ തീരുമാനമായിട്ടില്ല.

കൊടുവള്ളി നിയോജക മണ്ഡലത്തിലെ പാലങ്ങൾ

287 (1372) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുവള്ളി നിയോജക മണ്ഡലത്തിൽ എത്ര പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 9 പാലങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1. പൈനാലശ്ശേരി പാലം - പ്രവൃത്തി നടന്നുവരുന്നു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

2. ചക്കിക്കാവ് പാലം - പൂർത്തീകരിച്ചു.

3. മൊയൊട്ടക്കടവ് പാലം - പൂർത്തീകരിച്ചു.

4. കരുവറ്റക്കടവ് പാലം-ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകുന്നതിന് ഡി.പി.ആർ. സമർപ്പിക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly